സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC 1557/2018/PR

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
26/ 03 /2018

## സർക്കുലർ

**വിഷയം:-** തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉത്സവം,മറ്റ് ചടങ്ങുകൾ എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉത്സവം, മറ്റ് വിശേഷാൽ ചടങ്ങുകൾ എന്നിവയുടെ നടത്തിപ്പിലേക്കും ചടങ്ങുകളുടെ നടത്തിപ്പിനുള്ള ധനസമാഹരണത്തിനായി കൂപ്പൺ സീൽ ചെയ്യുന്നതിലേയ്ക്കുമുള്ള അനുവാദ ഉത്തരവിനായി ഒരു മാസം മുമ്പ് റിപ്പോർട്ട് അയയ്ക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതാണെങ്കിലും പല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും ഈ ഉത്തരവുകൾ പാലിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. മാത്രമല്ല ചടങ്ങുകൾ നടത്തുന്നതിന് ഒരു ദിവസം മുമ്പ് മാത്രം റിപ്പോർട്ട് ലഭിക്കുന്ന അവസ്ഥ വർദ്ധിച്ച് വരുന്നതായും കാണപ്പെടുന്നു. ആയത് ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ആയതിനാൽ ഉത്സവം, മറ്റ് വിശേഷാൽ ചടങ്ങുകൾ തുടങ്ങിയവയുടെ നടത്തിപ്പ് സംബന്ധിച്ച് അനുവാദം ആവശ്യപ്പെട്ട് കൊണ്ടുള്ള റിപ്പോർട്ടുകൾ ഒരു മാസം മുമ്പെങ്കിലും ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണെന്നും അവയോടൊപ്പം ദേവസ്വത്തിലെ കഴിഞ്ഞ മൂന്ന് വർഷത്തെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റ്, ഉപദേശകസമിതിയുടെ അംഗീകാരം സംബന്ധിച്ച വിവരം, ചടങ്ങുകൾക്ക് ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ്, വിശേഷാൽ ചടങ്ങുകൾ സംബന്ധിച്ച് തന്ത്രിയുടെ കത്ത് എന്നിവയും ലഭ്യമാക്കേണ്ടതാണെന്നും എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും വീണ്ടും കർശന നിർദേശം നൽകി ഉത്തരവാകുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതെയും ലഭിക്കുന്ന റിപ്പോർട്ടുകളിലെ ആവശ്യങ്ങൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

EDP

പകർപ്പ്-

1. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
2. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. ഇ.ഡി.പി സെക്ഷൻ,ദേവസ്വം ബോർഡ് ആഫീസ്
4. സെക്ഷൻ ഫയൽ
5. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

RA 26